ഹവാല ഇടപാടിൽപ്പെടുന്ന കുറ്റകൃത്യങ്ങൾ

20 [793] ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഹവാല ഇടപാട് എന്ന നിർവ്വചനത്തിൽ ഏതെല്ലാം കുറ്റകൃത്യങ്ങളാണ് ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഇന്ത്യൻ പീനൽ കോഡിലെ വകുപ്പുകൾക്ക് പുറമേ ഇൻകംടാക്സ് വകുപ്പുകൾ, ഫോറിൻ എക്സ്ചേഞ്ച് റെഗുലേഷൻ ആക്ട്, 1973, ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട്, 1999 എന്നീ വകുപ്പുകളിലെ കുറ്റകൃത്യങ്ങളും ഉൾപ്പെടുന്നു.

സംസ്ഥാനത്ത് നിരന്തരം ഉണ്ടാകുന്ന സ്ഫോടന ഭീഷണി

21 [794] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിരന്തരം ഉണ്ടാകുന്ന സ്ഫോടന ഭീഷണിയുടെ നിജസ്ഥിതി വെളിപ്പെടുത്തുമോ ;

(ബി) ഈ സ്ഫോടന ഭീഷണിയുടെ ഉറവിടം കണ്ടെത്താൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ ഇന്റലിജൻസ് സംവിധാനം ഫലപ്രദമാകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്ഫോടന ഭീഷണികൾ ഉണ്ടാകാറുണ്ട്. അന്വേഷണത്തിൽ അവ വ്യാജമാണെന്നാണ് വെളിവായിട്ടുള്ളത്.

(ബി) അന്വേഷണം നടത്തിയിട്ടുണ്ട്. എന്നാൽ ഭിഷണിയുടെ ഉറവിടം കണ്ടെത്തിയിട്ടില്ല.

(സി) സംസ്ഥാനത്തെ ഇന്റലിജൻസ് സംവിധാനം ഫലപ്രദമാണ്.

(ഡി) ഉത്തരം 'സി'യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly